# UNIVERSITY OF CALICUT

Ph : 0494 –2400288, 2407356 Calicut University P.O. 673635

No.SDE/C1/Press Release/Notice/2016-17 Dated : 09.11.2016

## നോട്ടീസ്

### പി.ജി (എം.എ/എം.എസ്.സി) പുന:പ്രവേശനം

കാലിക്കറ്റ് സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ/ എം.എസ്.സി (മാത്സ്) കോഴ്സുകൾക്ക് പുന:പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത കോഴ്സുകൾക്ക് ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് (2012 അഡ്മിഷൻ മുതൽ) തുടർപഠനം നടത്താൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അവർ പഠിച്ച കോഴ്സിന്റെ രണ്ടാം വർഷത്തിൽ (പോസ്റ്റ് ഗ്രാജ്വേറ്റ്) ചേർന്ന് വിദൂര വിദ്യാഭ്യാസം വഴി കോഴ്സ് പൂർത്തിയാക്കാവുന്നതാണ്.

**എം.കോം, എം.എ മലയാളം തുടങ്ങിയ കോഴ്സുകൾക്ക് പുന:പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.**

പുന:പ്രവേശനത്തിനുള്ള അപേക്ഷകൾ **പിഴ കൂടാതെ 19.11.2016** വരെയും **100 രൂപ** പിഴയോടുകൂടി **25.11.2016** വരെയും സ്വീകരിക്കുന്നതാണ്.

അപേക്ഷാ ഫോറം ലഭിക്കുന്നതിന് ആപ്ലിക്കേഷൻ വിലയായ **200** രൂപ യൂണിവേഴ്സിറ്റി ഫണ്ടിലടച്ച ചലാൻ രശീത് നേരിട്ട് ഹാജരാക്കിയാൽ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

കോഴ്സിനു ചേരുന്നവർ ട്യൂഷൻ ഫീസിനു പുറമെ പുന:പ്രവേശന ഫീസ് ആയി **500** രൂപയുടെ ചലാൻ കൂടി എടുക്കേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഫീസ് അടച്ച ഒറിജിനൽ ചലാൻ, ഒറിജിനൽ ടി.സി, അവസാനമായി എഴുതിയ യൂണിവേഴ്സിറ്റി പരീക്ഷയുടെ ഹാൾടിക്കറ്റ്, മാർക്ക്ലിസ്റ്റിന്റെ അറ്റസ്റ്റഡ് ഫോട്ടോകോപ്പി, സ്വന്തം മേൽവിലാസമെഴുതി **5** രൂപ തപാൽ സ്റ്റാമ്പ് ഒട്ടിച്ച **2** കവർ എന്നിവ ഹാജരാക്കണം. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷനിൽ പഠിച്ച് പഠനം തുടരുവാൻ സാധിക്കാത്തവരും ടി.സി. വാങ്ങിക്കാത്തവരുമാണെങ്കിൽ സ്ക്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ നൽകിയ ഐഡന്റിറ്റി കാർഡ് നിർബന്ധമായും ഹാജരാക്കണം. കാർഡ് നഷ്ടപ്പെട്ടവരാണെങ്കിൽ ഡ്യൂപ്ലിക്കേറ്റ് ഐഡന്റിറ്റി കാർഡിനായി 100 രൂപ ചലാൻ അടച്ച് രശീതി ഹാജരാക്കുകയും കൂടാതെ എൻറോൾമെന്റ് നമ്പർ ആപ്ലിക്കേഷനിൽ എഴുതുകയും

വേണം. ടി.സി വാങ്ങിച്ചവരും എൻറോൾമെന്റ് നമ്പർ അപ്ലിക്കേഷനിൽ നിർബന്ധമായും കാണിക്കണം.

| Sl. No. | Course | Tuition Fee | Re-admission Fee |
|---|---|---|---|
| 1. | II MA Economics/Politics/Sociology/Hindi/English/ M.Sc Maths | ₹ 2,000/- | ₹ 500/- |
| 2. | II MA History/Arabic | ₹ 2500/- | ₹500/- |

**ഫീസ് അടയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

യൂണിവേഴ്സിറ്റി വെബ്സൈറ്റിലെ **Home** പേജിലെ **Instant Web Payment System (CUIWPS)>Instant Pay** ൽ **E-chalan** വഴി **SBT, Akshaya, Jenaservanakendram** എന്നീ കേന്ദ്ര ങ്ങളിലും **SBT online** വഴിയും യൂണിവേഴ്സിറ്റി കൗണ്ടറിൽ നേരിട്ടും അടയ്ക്കാവുന്നതാണ്.

വിശദവിവരങ്ങൾ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ ഓഫീസിൽ നിന്നും, യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. ഫോൺ - **0494-2407356, 2400288, 2407494, 2407461.**

Website: www.universityofcalicut.info

(ഒപ്പ്)
**ഡയറക്ടർ**

Copy to:
1. Enquiry, Pareeksha Bhavan
2. PG Wing, Pareeksha Bhavan
3. SDE E/B Section.